പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.2830

12/03/2018 ൽ
മറുപടിക്ക്

## കശുവണ്ടി വ്യവസായത്തിന്റെ സമഗ്രവികസനവും പുന:രുദ്ധാരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.പി. അയിഷാ പോറ്റി<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.ആർ. രാജേഷ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി വ്യവസായത്തിന്റെ സമഗ്ര വികസനത്തിനും പുന:രുദ്ധാരണത്തിനും നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചു വരുന്നു.<br><br>കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ വർഷാവർഷം പദ്ധതി വിഹിതമായി ആധുനിക വൽക്കരണത്തിനും നിയന്ത്രിത യന്ത്രവല്ക്കരണത്തിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്. ഇടതു മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞതിനു പുറമെ 2050 പേർക്ക് പുതുതായി ജോലി നൽകാനും കഴിഞ്ഞിട്ടുണ്ട്.<br><br>കേരളത്തിൽ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി പരമാവധി സംഭരിച്ച് കശുവണ്ടി വികസന കോർപറേഷനും കാപെക്സിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ തോട്ടണ്ടി ലഭ്യത വർദ്ധിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളുടെ കീഴിൽ ലഭ്യമായ സ്ഥലങ്ങളിൽ എസ്റ്റേറ്റ് അടിസ്ഥാനത്തിലും അല്ലാതെയും അത്യുൽപാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്യുന്നതിനും നടപടി ഇതിനകം കശുമാവ് കൃഷി വികസന ഏജൻസി മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കശുമാവ് പുതു കൃഷി, കശുമാവ് തോട്ടം നിർമ്മാണം തുടങ്ങി പദ്ധതികൾ കശുമാവ് കൃഷി വികസന ഏജൻസി മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | കശുവണ്ടി വ്യവസായ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു മേഖലയിലെ കശുവണ്ടി ഫാക്ടറി കളുടെ നവീകരണത്തിനും തനത് ബ്രാൻഡ് സൃഷ്ടിക്കുന്നതിനുമായി 2018-19 ബജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കശുവണ്ടി വികസന കോർപറേഷൻ ഫാക്ടറികളുടെ ആധുനീകവൽക്കരണത്തിനും യന്ത്രവൽ ക്കരണത്തിനുമായി 20 കോടി രൂപയും സി.ഡി.സി.ബ്രാൻഡ് പ്രമോഷനു വേണ്ടി 50 ലക്ഷം രൂപയും കശുവണ്ടി വികസന കോർപ്പറേഷന്റെ പുതിയ ഉല്പന്നങ്ങളുടെ വികസനത്തിനു വേണ്ടി 1 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആഗോള-ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിന് പദ്ധതി വിഹിതമായി 50 ലക്ഷം രൂപ കാപെക്സിന് വകയിരുത്തിയിട്ടുണ്ട്. |
| (സി) | അന്തർദേശീയ സഹകരണം ഉറപ്പുവരുത്തി കശുവണ്ടി വ്യവസായമേഖലയുടെ ഉയർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കുമോ? | (സി) | 2017 ൽ തിരുവനന്തപുരത്തു വച്ചു നടന്ന ഡിപ്ലോമാറ്റിക് കോൺക്ലേവിൽ കശുവണ്ടി ഉല്പാദകരായ 15 ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികളെ പങ്കെടുപ്പിച്ച് ചർച്ച നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ കേരള കാഷ്യൂ ബോർഡ് മുഖേന പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ